
# എറണാകുളം മിസ്സം
# ERNAKULAM MISSAM
English & Malayalam Monthly

Vol. No. 67 | Issue No. 11 | November 2024 | Rs. 15/-

MAJOR ARCHEPARCHY OF ERNAKULAM-ANGAMALY







കർദിനാൾ പദവിയിലേക്ക് ഉയർത്തപ്പെടുകയും
നിസിബിസ് കൽദായ കത്തോലിക്കാ രൂപതയുടെ
സ്ഥാനിക ആർച്ചുബിഷപ്പ് ആയി നിയമിക്കപ്പെടുകയും ചെയ്ത
മോൺസിഞ്ഞോർ ജോർജ് കൂവക്കാടിന്
എറണാകുളം–അങ്കമാലി മേജർ അതിരൂപതയുടെ

## പ്രാർത്ഥനാശംസകൾ!

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 67 Issue No. 11 November 2024 Rs. 15/-




## വിഷയസൂചിക




4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. സർക്കുലർ: 10/2024

8. അറിയിപ്പ് (Ref. No. 9/2024)

10. അറിയിപ്പ് (Ref. No. 8/2024)

12. കച്ചേരിക്കാര്യം
   - Transfers/Appointments
   - അനുമോദനങ്ങൾ
   - നന്ദി

15. നിര്യാതനായി

18. വാർത്തകളും വിശേഷങ്ങളും

20. വിശ്വാസപരിശീലന കേന്ദ്രം

25. ഫാമിലി അപ്പോസ്റ്റലേറ്റ്

26. AICO

27. ബൈബിൾ അപ്പോസ്റ്റലേറ്റ്

29. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

33. നൈപുണ്യ ഇന്റർനാഷണൽ



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Msgr. Panjikaren Joseph, Uzhuva | 1888 | 1918 | 4-11-1949 |
| Fr. Chathaparambil Antony, Kunnumpuram | 1920 | 1955 | 4-11-2010 |
| Fr. Payyappilly Mathai, Konthuruthy | 1883 | 1909 | 6-11-1939 |
| Fr. Kuzhiparambil George, Thaykkattussery | 1937 | 1964 | 8-11-2007 |
| Fr. Paravara Peter, Poonithura | 1909 | 1936 | 10-11-1983 |
| Fr. Cholenkary Gheevarghese, Vadayar | 1902 | 1933 | 11-11-1942 |
| Fr. Annassery George, Vaikom | 1913 | 1940 | 11-11-2003 |
| Fr. Vithayathil Joseph (P), Puthenpally | 1904 | 1933 | 12-11-1991 |
| Fr. Koluvan Payyappilly George, Thuravoor | 1884 | 1913 | 13-11-1966 |
| Fr. Puthussery Paulose, Puthenpally | 1851 | 1875 | 14-11-1930 |
| Fr. Manavalan Paulose, Kuthiathode (Old) | 1859 | 1889 | 14-11-1939 |
| Fr. Nalpat Sebastian, Koratty | 1909 | 1935 | 14-11-1985 |
| Fr. Payyappilly John, Akaparambu | 1916 | 1943 | 14-11-1992 |
| Fr. Menachery Joseph, Narakkal | 1857 | 1887 | 15-11-1943 |
| Fr. Maliekal Thomas, Chalil | 1938 | 1966 | 15-11-2023 |
| Fr. Kallarackal Paulose, Vallom | | | 16-11-1867 |
| Fr. Chakiath Paul, Karukutty | 1929 | 1955 | 18-11-2005 |
| Fr. Kareemadom Joseph, Vadayar | 1940 | 1964 | 18-11-2015 |
| Fr. Puduchery Antony, Edad | 1922 | 1945 | 22-11-1977 |
| Fr. Panjikaren Kuruvila, Muttom | 1900 | 1928 | 22-11-1978 |
| Fr. Chakiath Stanislaus, Thundathumkadavu | | | 25-11-1925 |
| Fr. Thaliath V. Thomas, Puthenpally | 1890 | 1918 | 25-11-1945 |
| Fr. Valamangalam Joseph, Kothavara | 1903 | 1932 | 26-11-1963 |
| Fr. Eravimangalam Alexander, Thykkattussery | 1925 | 1952 | 27-11-2008 |
| Msgr. Karedan Abraham, Muringoor | 1929 | 1956 | 28-11-2004 |

സർക്കുലർ: 10/2024

# സർക്കുലർ

ഈശോയിൽ പ്രിയപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, അൽമായസഹോദരങ്ങളേ,

**ഡീക്കന്മാരുടെ തിരുപ്പട്ട ദാന ശുശ്രൂഷ**

നമ്മുടെ അതിരൂപതയിലെ എട്ടു ഡീക്കന്മാരുടെ തിരുപ്പട്ടദാന ശുശ്രൂഷ നവംബർ നാലിന് രാവിലെ 9.30 ന് തൃക്കാക്കര മൈനർ സെമിനാരിയിൽ വച്ച് നടത്തുകയാണ്. തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാർക്കുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം. പൌരസ്ത്യ സഭകൾക്കുള്ള കാര്യാലയത്തിന്റെ പ്രീഫെക്ടിന്റേയും മേജർ ആർച്ചുബിഷപ്പിന്റെയും കത്തുകളുടെ പശ്ചാത്തലത്തിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഡീക്കന്മാർക്കു നൽകിയ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട ഡീക്കന്മാർ ഒപ്പിട്ടു നൽകിയിരിക്കുന്ന സമ്മതപത്രപ്രകാരം അവർക്ക് ഏകീകൃത കുർബാന മാത്രമേ അർപ്പിക്കുവാൻ പാടുള്ളൂ. നവവൈദികരുടെ ഇടവകകളിൽ പുത്തൻ കുർബാന ഏകീകൃതരീതിയിൽ അർപ്പിക്കുവാൻവേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുവാൻ അതാത് ഇടവക വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

**വിശുദ്ധ കുർബാന**

വിശുദ്ധ കുർബാന അർപ്പണരീതി എറണാകുളം-അങ്കമാലി അതിരൂപതയിൽ നടപ്പാക്കുന്നതിനുള്ള ഒരുക്കമെന്നോണം 2024 ജൂൺ 9 ലെ സർക്കുലറിലും (Ref. No.4/2024), ജൂൺ 29 ലെ സിനഡാനന്തര അറിയിപ്പിലും (Ref.No.5/2024), ജൂലൈ 1-ലെ അറിയിപ്പിലും (Ref.No.6/2024) നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് ശിക്ഷണ നടപടികളിൽ നിന്ന് ഒഴിവ് ലഭിക്കാൻ ഇടവക ദൈവാലയങ്ങളിൽ നിലവിലുള്ള ഔദ്യോഗിക സമയക്രമങ്ങളിൽ ആയിരിക്കണം ഏകീകൃത കുർബാന അർപ്പണം നടത്തേണ്ടത്. മാത്രമല്ല, നമ്മുടെ ഇടവകകളിൽ ഏകീകൃത ബലിയർപ്പിക്കാൻ ആഗ്രഹിക്കുന്ന വൈദികർക്കും മെത്രാന്മാർക്കും അതിനുവേണ്ട സൗകര്യങ്ങളും ക്രമീകരണങ്ങളും ചെയ്തു കൊടുക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണം.

വിശുദ്ധ കുർബാനക്കിടയിലെ പ്രസംഗത്തിലും മറ്റ് അറിയിപ്പുകളിലും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളെയും സഭാ നേതൃത്വത്തെയും വിമർശിക്കുന്നതും തെറ്റിദ്ധാരണാപരമായ പ്രസ്താവനകൾ നൽകുന്നതും അനുവദനീയമല്ല.

**പൊതുയോഗം /പ്രതിനിധി യോഗം**

പൊതുയോഗ-പ്രതിനിധിയോഗ നടപടിപ്രകാരം, "യോഗങ്ങളിൽ, രൂപതാധ്യക്ഷന്റെ കൽപനകൾക്കോ മാർഗ്ഗനിർദ്ദേശങ്ങൾക്കോ സഭയുടെ ഔദ്യോഗിക പ്രബോധനത്തിനോ കാനൻ നിയമങ്ങൾക്കോ എതിരായ പ്രസ്താവനയോ തീരുമാനമോ ചെയ്യാൻ അനുവാദമില്ല" (*അതിരൂപത നിയമസംഹിത 2009*, ഭാഗം III, 29).

**സാമൂഹിക മാധ്യമങ്ങൾ**

സാമൂഹിക മാധ്യമങ്ങളിലൂടെ സഭയെയും, സഭാ പ്രബോധനങ്ങളെയും, സഭാ നേതൃത്വത്തെയും വെല്ലുവിളിക്കുകയും നിരന്തരം അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന പ്രവണതയിൽനിന്ന് വൈദികരും അത്മായ സഹോദരങ്ങളും പിന്മാറണം. സമൂഹമാധ്യമത്തിലൂടെ സഭയെ അപമാനിക്കുകയും അപഹാസ്യമാക്കുകയും ചെയ്യുന്ന ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ കാനോനിക നടപടികൾ സ്വീക്കരിക്കുന്നതാണ്.

**ഔദ്യോഗികമല്ലാത്ത സംഘടനകൾ**

സഭയുടെ ഔദ്യോഗിക നിലപാടുകളെ വിമർശിക്കുകയോ സഭാ പ്രബോധനങ്ങളെയോ സഭാ നേതൃത്വത്തേയോ സമൂഹമാധ്യമങ്ങളിൽ ഇകഴ്ത്തി കാണിക്കുന്ന ഒരു സംഘടനയുടേയും ഭാഗമാകാൻ വൈദികരോ സന്യസ്തരോ അൽമായരോ മുതിരരുത്. ഇത്തരം സംഘടനകളുടെ യോഗങ്ങൾ നടത്തുന്നതിന് ഇടവക സംവിധാനങ്ങളോ സഭാ സ്ഥാപനങ്ങളോ മറ്റു സഭാവേദികളോ വിട്ടു നൽകുവാൻ പാടുള്ളതല്ല.

**അതിരൂപതാകച്ചേരി**

അതിരൂപതാകച്ചേരിയെ വിവിധ കാര്യങ്ങൾക്കായി സമീപിക്കേണ്ടവർക്ക് അതിനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിരിക്കും. രൂപതാദ്ധ്യക്ഷന്റെ അംഗീകാരം ഇല്ലാത്ത ഒരു യോഗവും കൂടിച്ചേരലും അതിരൂപതാകാര്യാലയത്തിൽ അനുവദിക്കുന്നതല്ല. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതതരും അല്മായരും രൂപതാദ്ധ്യക്ഷനെ കാണുന്നതി

നായി മുൻകൂട്ടി അനുവാദം നേടിയിരിക്കണം. ഇപ്പോഴത്തെ സാഹചര്യത്തിൽ, അതിരൂപതാകാര്യാലയത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി പോലീസിന്റെ സഹായം തുടർന്നും ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും ഇക്കാര്യങ്ങളോട് സഹകരിക്കണമെന്നു സ്നേഹപൂർവം അഭ്യർഥിക്കുന്നു.

**പ്രാർത്ഥനയിൽ ഐക്യപ്പെടുക**

എറണാകുളം-അങ്കമാലി അതിരൂപതയിൽ ഏകീകൃത വിശുദ്ധ കർബാനയർപ്പണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രതിസന്ധികൾക്കും പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം ആഗ്രഹിക്കുന്നവരാണ് നാമെല്ലാം. അതിനു വിപരീതമായി നിൽക്കുന്ന തിന്മയുടെ ശക്തികളെ അതിജീവിച്ച് മിശിഹായുടെ സ്നേഹത്തിലും ഐക്യത്തിലും ഒന്നിച്ചു മുന്നോട്ടു പോകുവാൻ നമുക്ക് പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ അനുസരണത്തിന്റെ മാതൃകയല്ലാതെ മറ്റൊരു മാതൃകയും മാർഗ്ഗവും നമുക്കു മുന്നിലില്ല. ഈ ബോധ്യം ഈശോയിൽ ഐക്യപ്പെട്ട് സ്നേഹത്തിൽ സഹവസിക്കുവാൻ നമുക്ക് പ്രചോദനമാകട്ടെ.

ബിഷപ്പ് ബോസ്കോ പുത്തൂർ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എറണാകുളം-അങ്കമാലി അതിരൂപത
30-10-2024

..........................................

ഈ സർക്കുലർ 2024 നവംബർ 3-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Ref. No. 9/2024 09 October 2024

# അറിയിപ്പ്

ഈശോയിൽ പ്രിയപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, അല്മായ സഹോദരങ്ങളേ,

01.10.2024 ൽ ഞാൻ അറിയിച്ചിരുന്നതുപോലെ നമ്മുടെ അതിരൂപതാ കാര്യാലയം കുറച്ചു ദിവസങ്ങളായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം നിലനില്ക്കുകയായിരുന്നല്ലോ. അതിരൂപതാ കേന്ദ്രത്തിൽ പ്രതിഷേധസമരംനടത്തുന്ന വൈദികരോടും അല്മായരോടും അവിടെ നിന്ന് എത്രയുംവേഗം ഒഴിഞ്ഞുപോകണമെന്നു ഞാൻ അഭ്യർഥിച്ചിരുന്നു. അത് അവഗണിച്ചുകൊണ്ടു കച്ചേരിയുടെ പ്രവർത്തനം നിശ്ചലമാക്കി സമരം തുടരുന്ന സാഹചര്യത്തിൽ സമരക്കാരെ അവിടെനിന്ന് ഒഴിപ്പിക്കേണ്ടത് അത്യാവശ്യമായിവരികയായിരുന്നു. ഇന്നു രാവിലെ ഞാൻ മൗണ്ട് സെന്റ് തോമസിൽനിന്ന് അതിരൂപതാകാര്യാലയത്തിൽ തിരിച്ചെത്തി.

അതിരൂപതയിൽ തുടരുന്ന പ്രതിസന്ധിയിൽ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ തുടർന്നു നിർവഹിക്കുന്നതിലുള്ള ബുദ്ധിമുട്ട് അതിരൂപതാ കാര്യാലയത്തിൽ സേവനംചെയ്യുന്ന വൈദികർ എന്നെ രേഖാമൂലം അറിയിച്ചതിനാൽ അവരുടെ സ്ഥാനങ്ങളിൽ പുതിയ നിയമനങ്ങൾ നടത്തേണ്ടതും ആവശ്യമായിവന്നു. ബഹു. ജേക്കബ് പാലയ്ക്കാപിള്ളിയച്ചനെ അതിരൂപതയുടെ പ്രോട്ടോസിഞ്ചെലൂസായും ബഹു. ജോഷി പുതുവയച്ചനെ ചാൻസലറായും ബഹു. സൈമൺ പള്ളുപേട്ടയച്ചനെ അസിസ്റ്റന്റ് ഫിനാൻസ് ഓഫീസറായും ബഹു. ജിസ്മോൻ ആരംപള്ളിയച്ചനെ സെക്രട്ടറിയായും ഇന്നേ ദിവസം നിയമിച്ചു. അതേസമയം, അതിരൂപതാകാര്യാലയത്തിൽ 2022 ആഗസ്റ്റ് മുതൽ പ്രോട്ടോസിഞ്ചെലൂസായി ശുശ്രൂഷചെയ്തുവരികയായിരുന്ന ബഹു. വർഗീസ് പൊട്ടക്കലച്ചനും സിഞ്ചല്ലൂസ് ആയിരുന്ന ബഹു. ആന്റണി പെരുമായനച്ചനും ചാൻസലർ ആയിരുന്ന ബഹു. മാർട്ടിൻ കല്ലുങ്കലച്ചനും വൈസ്ചാൻസലർ ആയിരുന്ന ബഹു. സോണി മഞ്ഞളിയച്ചനും അസിസ്റ്റന്റ് ഫിനാൻസ് ഓഫീസറും സെക്രട്ടറിയുമായിരുന്ന ബഹു. പിന്റോ പുന്നക്കൽ അച്ചനും അവർ വഹിച്ചിരുന്ന സ്ഥാനങ്ങളിൽനിന്നു വിടുതൽനല്കുകയും ചെയ്തിട്ടുണ്ട്. പുതുതായി ചുമതല ഏറ്റെടുത്തി

രിക്കുന്ന ബഹു. അച്ചന്മാർക്ക് ആശംസകളും ദൈവാനുഗ്രഹവും നേരുന്നതോടൊപ്പം അതിരൂപതാകാര്യാലയത്തിലെ തങ്ങളുടെ ശുശ്രൂഷകൾ അവസാനിപ്പിക്കുന്ന ബഹുമാനപ്പെട്ട അച്ചന്മാർക്കു ഹൃദയത്തിൽ നിന്നുള്ള നന്ദിയും സ്നേഹവും അറിയിക്കുകയും ചെയ്യുന്നു.

ഇപ്പോഴത്തെ സാഹചര്യത്തിൽ അതിരൂപതാകാര്യാലയത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി പോലീസിന്റെ സാന്നിധ്യം തുടർന്നും ഉണ്ടായിരിക്കുന്നതാണ്. അതിരൂപതാകച്ചേരിയെ വിവിധ കാര്യങ്ങൾക്കായി സമീപിക്കേണ്ടവർക്ക് അതിനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിരിക്കും. എന്റെ അംഗീകാരം ഇല്ലാത്ത ഒരു യോഗവും കൂടിച്ചേരലും അതിരൂപതാകാര്യാലയത്തിൽ അനുവദിക്കുന്നതല്ല. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും അല്മായരും ഇക്കാര്യങ്ങളോട് സഹകരിക്കണമെന്നു സ്നേഹപൂർവം അഭ്യർഥിക്കുന്നു.

പ്രിയപ്പെട്ടവരേ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെയും നമ്മുടെ മെത്രാൻ സിനഡിന്റെയും സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പിന്റെയും നിർദ്ദേശങ്ങൾ പാലിച്ചും സഭാനിയമങ്ങൾ അനുസരിച്ചും അതിനായി പരസ്പരം സഹായിച്ചും നമുക്കു മുന്നോട്ടുനീങ്ങാം.

ഈശോയുടെ തിരുഹൃദയത്തിന്റെ സംരക്ഷണത്തിനു നിങ്ങളെ ഏവരെയും സമർപ്പിച്ചുകൊണ്ട്,

സ്നേഹപൂർവം,

**+ ബോസ്കോ പുത്തൂർ**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

Ref. No. 8/2024 01 October 2024

# അറിയിപ്പ്

ഈശോയിൽ പ്രിയപ്പെട്ട അച്ചന്മാരേ, സന്യസ്തരേ, അല്മായ സഹോദരങ്ങളേ,

എറണാകുളം-അങ്കമാലി അതിരൂപതയിലെ ഇടവകകളെയും സ്ഥാപനങ്ങളെയും സന്യാസ സമൂഹങ്ങളെയും ഏകോപിപ്പിക്കുകയും, അജപാലനപരമായ ആവശ്യങ്ങൾ നിയമാനുസൃതം സാധിച്ചു കൊടുക്കുകയും ചെയ്യുന്ന സഭാഭരണ കേന്ദ്രമാണല്ലോ നമ്മുടെ അതിരൂപത ആസ്ഥാനമന്ദിരം. സമീപകാലത്തുണ്ടായ ചില പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ, അതിരൂപതാ കൂരിയയുടെ സേവനം തുടരാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു.

ചർച്ചകൾ വഴിമുട്ടിയ സാഹചര്യത്തിൽ, അതിരൂപത നേരിടുന്ന വെല്ലുവിളികൾ എങ്ങനെ പരിഹരിക്കാമെന്ന് 2024 സെപ്റ്റംബർ 26നു നടന്ന ആലോചനാസമിതി യോഗം വിശദമായി പരിശോധിച്ചു. ഗ്രേറ്റ് ബ്രിട്ടൻ രൂപതയിൽ അജപാലനസന്ദർശനത്തിൽ ഏർപ്പെട്ടിരുന്ന മേജർ ആർച്ചുബിഷപ്പുമായി ആലോചനാസമിതി അംഗങ്ങളും ഞാനും ഫോണിൽ സംസാരിച്ചു. ആഗോള സിനഡിൽ സംബന്ധിക്കാൻ ഉടൻതന്നെ റോമിലേക്കു പോവുകയാണെന്നും, തദവസരത്തിൽ അതിരൂപതയിൽ ഇപ്പോഴുള്ള പ്രത്യേക സാഹചര്യം മേലധികാരികളെ അറിയിച്ചു പ്രശ്നപരിഹാരത്തിനു ശ്രമിക്കാം എന്നും മേജർ ആർച്ചുബിഷപ്പ് ഞങ്ങളെ അറിയിച്ചു. ആലോചനാസമിതി അംഗങ്ങൾ തയ്യാറാക്കിയ ഒരു അടിയന്തര അപേക്ഷ മേജർ ആർച്ചുബിഷപ്പിനും സിനഡംഗങ്ങളായ എല്ലാ പിതാക്കന്മാർക്കും ഞാൻ അയച്ചു.

ഇപ്പോഴുള്ള പ്രതിസന്ധി പരിഹരിക്കപ്പെടുന്നില്ലെങ്കിൽ, നിയന്ത്രണാതീതമായ പ്രതിഷേധങ്ങളുടെ നടുവിൽ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ തുടർന്നു നിർവഹിക്കുന്നതു പ്രായോഗികമായി അസാധ്യമാകുമെന്നു കൂരിയയിൽ സേവനം ചെയ്യുന്ന വൈദികർ എന്നേയും ആലോചനാസമിതിയേയും അറിയിച്ചു. ഏതു സാഹചര്യത്തിലും അതിരൂപത കേന്ദ്രത്തിൽതന്നെ തുടരാനാണ് ആഗ്രഹിക്കുന്നതെന്ന് ഞാൻ അറിയിച്ചു. വൈദികരും അല്മായരും അതിരൂപത ആസ്ഥാനത്തേക്കു വലിയ ഗണങ്ങളായി വരികയാണെങ്കിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ആലോചനാസമിതി വിലയിരുത്തി.

2024 സെപ്റ്റംബർ 27നു വലിയൊരു വിഭാഗം വൈദികരും അല്മായരും അതിരൂപത ആസ്ഥാനത്ത് എത്തുമെന്ന് വ്യക്തമായ സൂചന ലഭിച്ച സാഹചര്യത്തിൽ, കൂരിയ അംഗങ്ങളും, തുടർന്നു ഞാനും അതിരൂപത കേന്ദ്രത്തിൽ നിന്നു മാറി താമസിച്ചു. ഇക്കഴിഞ്ഞ വെള്ളിയാഴ്ച അതിരൂപത ആസ്ഥാനത്ത് എത്തിയവരിൽ ഒരു വിഭാഗം വിവിധ തരത്തിലുള്ള പ്രതിഷേധ പ്രകടനങ്ങളും മറ്റുമായി അവിടെതന്നെ തുടരുന്നതു മൂലം അതിരൂപത കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നിശ്ചലമായിരിക്കുകയാണ്. പല തരത്തിലുള്ള ആവശ്യങ്ങൾക്കായി അതിരൂപതാകേന്ദ്രത്തിൽ എത്തുന്നവർ നിരാശരായി മടങ്ങേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്.

സന്ധിയില്ലാത്ത സമരങ്ങളിലൂടെയല്ല സഭാജീവിതത്തിലെ പ്രതിസന്ധികൾക്കു നാം പരിഹാരം കാണേണ്ടത്. പ്രശ്നപരിഹാരത്തിനുള്ള പരിശ്രമങ്ങളും, അധികാരികളോടുള്ള അനുസരണവും, പരിശുദ്ധാത്മാവിന്റെ പ്രത്യേക ഇടപെടലിനുവേണ്ടിയുള്ള പ്രാർഥനയുമാണു നമ്മുടെ എല്ലാവരുടേയും ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത്. അതിരൂപത ആസ്ഥാനത്ത് തുടരുന്ന വൈദികരും അല്മായരും അവിടെ നിന്ന് എത്രയും വേഗം തിരിച്ചു പോകണമെന്ന് സ്നേഹപൂർവം അഭ്യർഥിക്കുന്നു. അനുവാദമില്ലാത്ത യോഗങ്ങൾക്കും പ്രകടനങ്ങൾക്കും അതിരൂപത ആസ്ഥാനം വേദിയാക്കരുതെന്ന് അറിയിക്കുന്നു.

ഈശോയുടെ തിരുഹൃദയത്തിന്റെ സംരക്ഷണത്തിനു നിങ്ങളെ ഏവരെയും സമർപ്പിച്ചുകൊണ്ട്,

+ ബോസ്കോ പുത്തൂർ
എറണാകുളം-അങ്കമാലി അതിരൂപതയുടെ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

കച്ചേരിക്കാര്യം

# Transfers/Appointments of Priests

**October 2024**

| | |
|---|---|
| Palackappilly Jacob G. | Proto Syncellus (Addl.) |
| Puthuva Joshy | Chancellor & PRO (Public Relation Officer), Member - College of Consultors (Addl.) |
| Pallupetta Simon | Finance Officer, Member - College of Consultors (Addl.) |
| Arampilly Paul (Jismon) | Asst. Finance Officer, Office Secretary & Private Secretary |
| Vazhakkala Antony | Judicial Vicar (Addl.) |
| Pottackal Varghese (Joshy) | Relieved - Proto Syncellus |
| Perumayan Antony Msgr | Relieved - Syncellus |
| Pereppadan James | Relieved - Judicial Vicar |
| Kallungal Martin | Relieved - Chancellor & PRO (Public Relation Officer) |
| Madassery Paul (Shaiju) (Jr.) | Relieved - Finance Officer |
| Manjaly Sebastian (Sony) | Relieved - Vice-Chancellor & Office Secretary |
| Punnackal Paul (Pinto) | Relieved - Asst. Finance Officer & Private Secretary |

*Chancellor*

# അനുമോദനങ്ങൾ!!!



എറണാകുളം-അങ്കമാലി അതിരൂപതാ **പ്രോട്ടോസിഞ്ചെല്ലൂസ്** ആയി നിയമിതനായിരിക്കുന്ന **ബഹുമാനപ്പെട്ട ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി** അച്ചനും,







ചാൻസലർ **ബഹുമാനപ്പെട്ട ജോഷി പുതുവ** അച്ചനും, ഫിനാൻസ് ഓഫീസർ **ബഹുമാനപ്പെട്ട സൈമൺ പള്ളുപ്പെട്ട** അച്ചനും അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ **ബഹുമാനപ്പെട്ട ജിസ്മോൻ ആരമ്പിള്ളി** അച്ചനും അതിരൂപതയുടെ സ്നേഹം നിറഞ്ഞ സ്വാഗതവും പ്രാർത്ഥനാശംസകളും!!!

# നന്ദി...




സ്തുത്യർഹമായ സേവനത്തിനുശേഷം തൽസ്ഥാനങ്ങളിൽനിന്ന് വിരമിച്ച പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. വർഗീസ് പൊട്ടയ്ക്കൽ അച്ചനും, സിഞ്ചെല്ലൂസ് മോൺ. ആന്റണി പെരുമായൻ അച്ചനും,





ചാൻസലർ ബഹു. മാർട്ടിൻ കല്ലുങ്കൽ അച്ചനും, വൈസ് ചാൻസലർ ബഹു. സോണി മഞ്ഞളി അച്ചനും,




ഫിനാൻസ് ഓഫീസർ ബഹു. പോൾ മാടശ്ശേരി അച്ചനും, അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ ബഹു. പിന്റോ പുന്നയ്ക്കൽ അച്ചനും അതിരൂപതയുടെ ഹൃദയംനിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും!!!



# നിര്യാതനായി



## ഫാ. ജോർജ് പുത്തൻപുര

**ജനനം: 12/12/1946**
**തിരുപ്പട്ടം: 17/12/1971**
**മരണം: 23/10/2024**

ബഹുമാനപ്പെട്ട ജോർജ് പുത്തൻപുര അച്ചൻ 1946 ഡിസംബർ 12-ാം തീയതി മേവള്ളൂർ ഇടവകയിൽ പുത്തൻപുര പരേതരായ ദേവസ്യ-അന്നമ്മ ദമ്പതികളുടെ ഏഴ് മക്കളിൽ ഒരാളായി ജനിച്ചു. റോസമ്മ, സി. മേരി ജൂഡിത് SCCG., മൈക്കിൾ, വൽസമ്മ, പരേതരായ ജോസഫ്, ഇമ്മാനുവേൽ എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് ആലുവ-മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കി 1971 ഡിസംബർ 17-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ കിഴക്കമ്പലം, കാഞ്ഞൂർ എന്നീ പള്ളികളിൽ സഹവികാരിയായും ചാത്തമ്മ, തോട്ടുവ, സൗത്ത് വാഴക്കുളം, ചേന്ദമംഗലം, തൃപ്പൂണിത്തുറ, മുരിങ്ങൂർ, നടുവട്ടം എന്നിവിടങ്ങളിൽ വികാരിയായും ജോർജ് അച്ചൻ സേവനം ചെയ്തിട്ടുണ്ട്. എറണാകുളം വിയാനി പ്രിന്റിംഗ്സ് അസിസ്റ്റന്റ് മാനേജർ, വിയാനി പ്രിന്റിംഗ്സ് ഡയറക്ടർ, സത്യദീപം മാനേജിംഗ് എഡിറ്റർ എന്നീ നിലകളിലും ജോർജ് അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. വിവിധ ഇടവകകളിലെയും സ്ഥാപനങ്ങളിലെയും അജപാലനശുശ്രൂഷകൾക്കു ശേഷം തൃക്കാക്കര വിജോഭവനിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്ന ബഹു. ജോർജ്ജ് അച്ചൻ, വാർദ്ധക്യസഹജമായ അസുഖങ്ങളാൽ 78-ാം വയസ്സിൽ, 2024 ഒക്ടോബർ 23-ാം തീയതി, ബുധനാഴ്ച, രാവിലെ എറണാകുളം ലിസി ആശുപത്രിയിൽ വച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ജോർജ് പുത്തൻപുര അച്ചന്റെ മൃതദേഹം ഒക്ടോബർ 24 വ്യാഴാഴ്ച രാവിലെ 7.30 മുതൽ 8.30 വരെ തൃക്കാക്കര വിജോഭവനിൽ പൊതുദർശനത്തിനു വച്ചവേളയിൽ മാർ ആന്റണി കരിയിൽ പിതാവ് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മൃതസംസ്കാര കർമ്മങ്ങളുടെ ആദ്യഭാഗം തോമസ് ചക്യത്ത് പിതാവ് നടത്തി. തുടർന്ന്, 10.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ മേവള്ളൂരിലുള്ള സഹോദരൻ എം. ഡി. മൈക്കിൾ ഓരത്ത് പുത്തൻപുരയുടെ ഭവനത്തിൽ പൊതുദർശനത്തിനുവച്ച വേളയിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് ബോസ്കോ പുത്തൂർ പിതാവ് അന്തിമ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് 2.30-ന് ബഹുമാനപ്പെട്ട ജോർജ് പുത്തൻപുര അച്ചന്റെ ഭൗതികശരീരം മേവള്ളൂർ മേരി ഇമ്മാക്കുലേറ്റ് പള്ളിയിലേക്ക് കൊണ്ടുവന്നു. കർദിനാൾ ജോർജ് ആലഞ്ചേരി പിതാവിന്റെ അനുശോചന സന്ദേശം അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ജേക്കബ് പാലയ്ക്കാപ്പിള്ളിയച്ചൻ വായിച്ചു. ശാന്തനും സൗമ്യനും ജനപ്രിയനുമായിരുന്നു ബഹുമാനപ്പെട്ട ജോർജ് പുത്തൻപുരയച്ചനെന്നും അച്ചന്റെ അജപാലനം അനേകരുടെ ഹൃദയങ്ങളിൽ ആഴമായി പതിഞ്ഞുവെന്നും കർദിനാൾ പിതാവ് തന്റെ സന്ദേശത്തിൽ അറിയിച്ചു.

തുടർന്ന്, വിശുദ്ധ കുർബാനയോടുകൂടി മൃതസംസ്കാരകർമ്മങ്ങളുടെ മൂന്നാം ഭാഗം ആരംഭിച്ചു. ജോർജ് അച്ചന്റെ ഇടവകാംഗമായ ബഹുമാനപ്പെട്ട ലൂക്കോസ് കുന്നത്തൂർ അച്ചനാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. ജോർജ് അച്ചന്റെ ബാച്ചുകാരൻ ഫാ. ജോബ് കൂട്ടുങ്കൽ, കുടുംബാംഗമായ ഫാ. ജോർജ്കുട്ടി തോട്ടുപുറം CMI, ഫാ. ജോസഫ് ചക്യേത്ത്, ഫാ. ജിമ്മി കുന്നത്തൂർ, ഫാ. ആൻസൻ നടുപറമ്പിൽ എന്നിവർ സഹകാർമ്മികരായി. ബഹുമാനപ്പെട്ട കുരിയാക്കോസ് മുണ്ടാടൻ അച്ചനാണ് വിശുദ്ധ കുർബാന മധ്യേയുള്ള തിരുവചന സന്ദേശം നൽകിയത്. പാലക്കാട് രൂപതയുടെ മുൻ മെത്രാൻ ജേക്കബ് മനത്തോടത്ത് പിതാവും തോമസ് ചക്യത്ത് പിതാവും അന്ത്യശുശ്രൂഷാ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

ഒരു പാഠപുസ്തകമായിരുന്ന ബഹുമാനപ്പെട്ട ജോർജ് പുത്തൻപുര അച്ചന്റെ ജീവിതം ധന്യമായിരുന്നു. ഒരിക്കലും പ്രശസ്തിക്കുവേണ്ടി ജീവിക്കാതെ വിശ്വസ്തനാകാൻ പഠിപ്പിച്ച പുരോഹിതനാണ് ജോർജ് അച്ചൻ. പാവപ്പെട്ടവരോടും പതിതരോടും ആലംബഹീനരോടും, മങ്ങി വാടിയ ആശകളും, കരിവാളിച്ച മോഹങ്ങളുമായി തന്നെ സമീപിച്ച വർക്കും എന്നും കർത്താവിന്റെ നീട്ടപ്പെട്ട കരമായി ജോർജച്ചൻ ജീവിച്ചു. ജോർജച്ചന്റെ ആ കരവലയത്തിൽ ഏറെപേർ സംരക്ഷിക്ക പ്പെട്ടിട്ടുണ്ട്. കർത്താവിന്റെ കരുണാർദ്രമായ സ്നേഹം, തന്നെ കണ്ടു മുട്ടിയവർക്കെല്ലാം നൽകിയാണ് അച്ചൻ കടന്നുപോയത്. ആരുടെയും സൽപേരിനു കളങ്കം ചാർത്താത്ത, ആരേയും വിധിക്കാത്ത, പ്രശസ്ത നാകാൻ ശ്രമിക്കാതെ വിശ്വസ്തനായി ജീവിക്കാൻ ശ്രമിച്ച പുരോഹി തൻ. നല്കപ്പെട്ട ഉത്തരവാദിത്തങ്ങളെല്ലാം മിഴിവോടെ പൂർത്തിയാക്കി നിത്യസമ്മാനത്തിനായി യാത്രതിരിച്ച പ്രിയപ്പെട്ട ജോർജ് പുത്തൻ പുരയച്ചന് ആദരവോടെ, നിറപറയില്ലാതെ, നിറദീപങ്ങളില്ലാതെ നിറഞ്ഞ മനസ്സോടെ എറണാകുളം അങ്കമാലി അതിരൂപതയുടെ യാത്രാ മംഗളങ്ങൾ! ആ പൂജ്യസ്മരണയ്ക്കു മുന്നിൽ പ്രാർത്ഥനയോടെ അതി രൂപതയുടെ സ്നേഹപ്രണാമം!

●

---


**എറണാകുളം മിസ്സം**
**വരിസംഖ്യ**

2024 ഡിസംബർ 24-നു മുമ്പായി

**150.00 രൂപ** അടച്ച്

**2025-ലേക്കുള്ള കോപ്പികൾ ബുക്ക് ചെയ്യാവുന്നതാണ്.**

**for PDF**
**www.ernakulamarchdiocese.org**

# വാർത്തകളും വിശേഷങ്ങളും

## ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ ചാക്രിക ലേഖനം: "ദിലേക്സിത് നോസ്" (അവൻ നമ്മെ സ്നേഹിച്ചു)

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ ചാക്രിക ലേഖനം 2024 ഒക്ടോബർ 24 വ്യാഴാഴ്ച പ്രസിദ്ധീകരിക്കപ്പെട്ടു. ഫ്രാൻസിസ് മാർപാപ്പയുടെ നാലാമത്തെ ചാക്രിക ലേഖനമാണ് "ദിലേക്സിത് നോസ്" (He loved us) എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. ക്രിസ്തുവിന്റെ തിരുഹൃദയസ്നേഹമാണ് ചാക്രികലേഖനത്തിലൂടെ മാർപാപ്പ പഠിപ്പിക്കുന്നത്. യേശുക്രിസ്തുവിന്റെ തിരുഹൃദയത്തിലെ മാനവിക, ദൈവിക സ്നേഹത്തെക്കുറിച്ചുള്ളതാണ് ഈ ചാക്രിക ലേഖനം.

യേശുസ്നേഹിച്ചതുപോലെ മറ്റുള്ളവരെസ്നേഹിക്കാനും അവർക്കു ശുശ്രൂഷ ചെയ്യാനും പാപ്പാ ഈ ചാക്രികലേഖനത്തിലൂടെ ആഹ്വാനം ചെയ്യുന്നു. കുന്തത്താൽ പിളർക്കപ്പെട്ട ക്രൂശിതന്റെ തിരുവിലാവിൽനിന്ന് ഒഴുകുന്ന ജീവജലത്തിന്, മാനവികതയുടെ മുറിവുകളെ സൗഖ്യപ്പെടുത്തുന്നതിന് സാധിക്കുമെന്നും ചാക്രികലേഖനത്തിൽ പാപ്പ എഴുതുന്നു. കുത്തിതുറക്കപ്പെട്ട യേശുവിന്റെ ഹൃദയം വ്യവസ്ഥകളില്ലാതെ നമ്മെ സ്നേഹിക്കുന്നു; നമുക്കായി കാത്തിരിക്കുന്നു എന്നും മാർപാപ്പ ഓർമ്മിപ്പിക്കുന്നു.

യേശുവിന്റെ ഹൃദയത്തോടുള്ള വണക്കത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ചാക്രികലേഖനത്തിന് അഞ്ച് അദ്ധ്യായങ്ങൾ ഉണ്ട്. ഒന്ന്, ഹൃദയത്തിന്റെ പ്രാധാന്യം, രണ്ട്, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രവർത്തികളും വാക്കുകളും, മൂന്ന്, ഏറെ സ്നേഹിച്ച ക്രിസ്തുവിന്റെ ഹൃദയം, നാല്, സ്വയം പാനീയമായി നൽകുന്ന സ്നേഹം, അഞ്ച്, സ്നേഹത്തിനായുള്ള സ്നേഹം.

സഭാതനയർക്ക് യേശുവിന്റെ തിരുഹൃദയത്തോടുള്ള സ്നേഹത്തിലും വണക്കത്തിലും അടിസ്ഥാനമിട്ട ഒരു ആദ്ധ്യാത്മികതയുടെ മനോഹാരിത മനസ്സിലാക്കിത്തരുന്നതാണ് ഈ ചാക്രികലേഖനം.

## മോൺസിഞ്ഞോർ ജോർജ് കൂവക്കാടിന് കർദിനാൾ പദവി

ചങ്ങനാശ്ശേരി മാമ്മൂട് ലൂർദ്മാതാ ഇടവകാംഗമായ മോൺസിഞ്ഞോർ ജോർജ് കൂവക്കാട് 1974 ആഗസ്റ്റ് 11-ാം തീയതി ജനിച്ചു. 2024 ഡിസംബർ 8-ാം തീയതി വത്തിക്കാനിൽ നടക്കുന്ന കൺസിസ്റ്ററിയിൽ വച്ച്, മറ്റ് ഇരുപത് പേരോടൊപ്പം കത്തോലിക്കാസഭയിലെ കർദിനാൾ പദവിയിലേക്ക് ഉയർത്തപ്പെടുവാൻ പോകുന്ന വിവരം 2024 ഒക്ടോബർ 6-ാം തീയതി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽനിന്ന് രസതന്ത്രത്തിൽ ബിരുദം നേടി. കുറിച്ചി മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ച മോൺ സിഞ്ഞോർ ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി യിലെ തത്വശാസ്ത്ര പഠനത്തിനുശേഷം റോമിൽനിന്നും ദൈവ ശാസ്ത്രപഠനം പൂർത്തിയാക്കി. 2004 ജൂലൈ 24-ാം തീയതി അഭിവന്ദ്യ ജോസഫ് പൗവ്വത്തിൽ പിതാവിൽനിന്നും പൗരോഹിത്യപട്ടം സ്വീകരിച്ചു. റോമിലെ ഹോളിക്രോസ് യൂണിവേഴ്സിറ്റിയിൽനിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി.

2006-ൽ വത്തിക്കാനിലെ Secretariat of State ന്റെ കീഴിലുള്ള diplomatic service-ൽ ചേർന്ന അദ്ദേഹം അൾജേറിയ, സൗത്ത് കൊറിയ, ഇറാൻ, കോസ്റ്ററിക്ക, വെനെസ്വല തുടങ്ങിയ രാജ്യങ്ങളിലെ വത്തിക്കാൻ ന്യൂൺസിയേച്ചറുകളിലെ സേവനത്തിനുശേഷം 2020-ൽ വത്തിക്കാ നിൽ തിരിച്ചെത്തുകയും സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റിൽ ജോലി ആരംഭി ക്കുകയും ചെയ്തു. 2021 മുതൽ ഫ്രാൻസിസ് മാർപാപ്പയുടെ അന്താരാഷ്ട്ര യാത്രകളുടെ ഉത്തരവാദിത്വമായിരുന്നു മോൺസിഞ്ഞോർ കൂവക്കാടിന്. ഭാരതത്തിൽനിന്ന് ആദ്യമായിട്ടാണ് ഒരു വൈദികൻ നേരിട്ട് കർദിനാൾ പദവിയിലേക്ക് ഉയർത്തപ്പെടുന്നത്.

## മോൺസിഞ്ഞോർ ജോർജ് കൂവക്കാട് നിസിബിസ് കൽദായ കത്തോലിക്കാ രൂപതയുടെ സ്ഥാനിക ആർച്ചുബിഷപ്പ്

മോൺസിഞ്ഞോർ ജോർജ് കൂവക്കാട് നിസിബിസ് കൽദായ കത്തോ ലിക്കാ രൂപതയുടെ സ്ഥാനിക ആർച്ചുബിഷപ്പ് ആയി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. 2024 ഒക്ടോബർ 25-ന് വത്തിക്കാനിലും ചങ്ങ നാശ്ശേരി അതിരൂപതാ കേന്ദ്രത്തിലും ഒരേ സമയം പ്രഖ്യാപനം നടന്നു.

# വിശ്വാസപരിശീലനകേന്ദ്രം

## I. ഒന്നാം സെമസ്റ്റർ പരീക്ഷ:

### A. പരീക്ഷ:

1. 2024-2025 വിശ്വാസപരിശീലന വർഷത്തിലെ Std. I - XII ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 03 ഞായറാഴ്ച രാവിലെ 10.30 മുതൽ 12.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങുവാൻ കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

2. നവംബർ 02-ന് ഫൊറോനാ കേന്ദ്രത്തിൽനിന്ന് ചോദ്യപേപ്പറുകൾ ലഭിക്കും. ചോദ്യപേപ്പറുകൾ വാങ്ങുമ്പോഴും, ഉത്തരക്കടലാസുകളും സ്കോളർഷിപ്പ് പേപ്പറുകളും തിരികെ ഏൽപിക്കുമ്പോഴും ഫൊറോന സെക്രട്ടറിയുടെ പക്കലുള്ള രേഖയിൽ ഒപ്പിടേണ്ടതാണ്.

3. സെമസ്റ്റർ പരീക്ഷകൾ സ്കോളർഷിപ്പ് പരീക്ഷയായിക്കൂടി കണക്കാക്കുന്നതിനാൽ മറ്റുസമയങ്ങളിൽ ക്ലാസ്സ് നടത്തുന്നവരും രാവിലെ 10.30 മുതൽ 12.30 വരെ എന്നുള്ള പരീക്ഷാസമയക്രമം നിർബന്ധമായും പാലിക്കണം. സമയക്രമംതെറ്റിച്ച് പരീക്ഷ നടത്തുന്ന യൂണിറ്റുകളിൽ നിന്നും സ്കോളർഷിപ്പിനുള്ള ഉത്തരക്കടലാസുകൾ ഫൊറോനാ കേന്ദ്രത്തിൽ നൽകുവാൻ പാടില്ല, അവർക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടാകില്ല.

4. I, II, III ക്ലാസ്സുകളിലേക്കുള്ള മാതൃകാ ചോദ്യപേപ്പർ ഒക്ടോബർ 19 ശനിയാഴ്ച മുതൽ കാറ്റികോർപ്പിൽ ലഭ്യമാകും. അതിൽനിന്നും ആവശ്യമായ ചോദ്യങ്ങൾ സെലക്റ്റ് ചെയ്ത് വാചിക പരീക്ഷ നടത്തുക.

5. ചോദ്യക്കടലാസുകൾ എണ്ണത്തിൽ കുറവാണെങ്കിൽ പരീക്ഷാ ദിവസം (03/11/2024) രാവിലെ 10.30 മുതൽ കാറ്റികോർപ്പിൽ പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ചോദ്യക്കടലാസുകൾ ഡൗലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

6. IV-IX, XI വരെ ക്ലാസ്സുകളിൽ കുട്ടിയുടെ വീട്ടുപേര്, പിതാവിന്റെ പേര്, കുട്ടിയുടെ പേര്, ക്ലാസ്സ്, ഇടവക എന്നിവ ഉത്തരക്കടലാസ്സിന്റെ മുകളിൽരേഖപ്പെടുത്തണം.

7. X & XII ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ഉത്തരക്കടലാസ് അതത് യൂണിറ്റുകളുടെ സീൽവച്ച പേപ്പറുകൾ ഉപയോഗിക്കുക. ഈ ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരക്കടലാസിൽ പൂർണ്ണമായ രജിസ്റ്റർ നമ്പർ മാത്രം വ്യക്തമായി എഴുതുക (പേരോ അനുബന്ധ വിവരങ്ങളോ ഉത്തരക്കടലാസിൽ എഴുതരുത്).

8. X & XII ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരക്കടലാസ് പരിശോധന, മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകൾ വേർതിരിച്ചു നൽകേണ്ടവിധം, A+ Grade & സ്കോളർഷിപ്പ്, ഉത്തരക്കടലാസ് പുനഃപരിശോധന എന്നിവയെപ്പറ്റി അറിയാൻ വചനദീപം പേജ് 40-41 വായിക്കുക.

9. IV - IX, XI ക്ലാസ്സുകളിലെ പരീക്ഷയുടെ മാർക്കുകളും ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകളും X, XII ക്ലാസ്സുകളിലെ ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകളും ഓൺലൈനിൽ രേഖപ്പെടുത്തേണ്ട അവസാന തീയതി നവംബർ 17.

10. പരീക്ഷാസംബന്ധമായ കാര്യങ്ങൾ വ്യക്തമായി അറിയുവാനും മനസ്സിലാക്കുവാനും Website: www.catechismernakulam.com-ൽ Syllabus-ൽ ക്ലിക്ക് ചെയ്യുക.

**B. ഉപപാഠപുസ്തകം:**

1. ഉപപാഠപുസ്തകത്തിൽ നിന്നും പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടാകും.

2. IV - IX വരെയുള്ള ക്ലാസ്സുകളിൽ A വിഭാഗത്തിൽ 12 ചോദ്യങ്ങളിൽ 2 ചോദ്യങ്ങൾ ഉപപാഠപുസ്തകത്തിൽ നിന്നാണ്. 10 എണ്ണത്തിനു മാത്രമേ ഉത്തരം നൽകേണ്ടതുള്ളൂ.

3. IV, V, VI ക്ലാസ്സുകളിൽ F വിഭാഗത്തിൽ ഉപപാഠപുസ്തകത്തിലെ ചോദ്യത്തിനു പുറമേ പാഠപുസ്തകത്തിൽ നിന്നും ഒരുചോദ്യം ഉണ്ടാകും. ഇതിൽ ഏതെങ്കിലും ഒന്നിന് ഉത്തരം എഴുതിയാൽ മതി. VII, VIII, IX ക്ലാസ്സുകളിൽ E വിഭാഗത്തിൽ ഉപപാഠപുസ്തകത്തിലെ ചോദ്യത്തിനു പുറമേ ഒരു പൊതുചോദ്യവും ഉണ്ടാകും. ഇതിൽ ഏതെങ്കിലും ഒന്നിന് ഉത്തരം എഴുതിയാൽ മതി.

## C. മൂല്യനിർണ്ണയം:

1. IV മുതലുള്ള ക്ലാസ്സുകളിലെ Answer Key പരീക്ഷാ ദിവസം (03/11/2024) ഉച്ചകഴിഞ്ഞ് 1.00 മണിക്ക് കാറ്റികോർപ്പിൽ പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

2. IV മുതൽ IX വരെയും XI-ാം ക്ലാസ്സിലെയും ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് 80 ശതമാനമോ (ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ IV - IX: 35-ൽ 28 ഉം, XI: 40-ൽ 32 മാർക്കും) അതിൽ കൂടുതലോ മാർക്കുള്ളവരുടെ മാത്രം ഉത്തരക്കടലാസ്സുകളും മാർക്ക് ലിസ്റ്റും നവംബർ 17-ാം തീയതിക്കകം ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. മാർക്ക് ലിസ്റ്റിൽ പള്ളിയുടെ സീലും വികാരി അച്ചന്റെ ഒപ്പും ഉണ്ടായിരിക്കണം. അല്ലാത്ത ഉത്തരക്കടലാസ്സുകൾ സ്വീകരിക്കുന്നതല്ല. ഈ ഉത്തരക്കടലാസ്സുകൾ വീണ്ടും അതിരൂപതാതലത്തിൽ റീവാല്യുവേഷൻ നടത്തുന്നതായിരിക്കും. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 90 ശതമാനം മാർക്ക് വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക (വചനദീപം, പേജ് 37-38, 41, 46). സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾക്ക് വർഷാവസാനം 90 ശതമാനം ഹാജർ ഉണ്ടായിരിക്കേണ്ടതാണ്. രണ്ടാം സെമസ്റ്ററിനു ശേഷമാണ് ഹാജർ ശതമാനം മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടത്.

3. പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ ഉത്തരക്കടലാസ് പരിശോധന ഫൊറോനതലത്തിലാണ് നടത്തുക. പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും പഠിപ്പിക്കുന്ന അധ്യാപകർ നിർബ്ബന്ധമായും ഉത്തരക്കടലാസ് പരിശോധനയിൽ പങ്കെടുക്കണം. പത്താം ക്ലാസ് സർട്ടിഫിക്കറ്റ് പരീക്ഷയുടെയും പന്ത്രണ്ടാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയുടെയും ഉത്തരക്കടലാസ്സുകളുടെ പരിശോധന 2024 നവംബർ 03-ലെ പരീക്ഷയ്ക്കുശേഷം നവംബർ 17-നു മുമ്പ് നടത്തി മാർക്ക് ലിസ്റ്റുകളും, 80 ശതമാനവും അതിൽ കൂടുതലും മാർക്ക് കിട്ടിയ കുട്ടികളുടെ ഉത്തരക്കടലാസ്സുകളും, IED കുട്ടികളുടെ പേപ്പറുകളും, Complaint പേപ്പറുകളും പ്രത്യേകം കവറുകളിലാക്കി അതിരൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കണം. (വചനദീപം, പേജ് 40,41 നോക്കുക).

4. പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ ഉത്തരക്കടലാസ് പുനഃപരിശോധന: പരീക്ഷയുടെ റിസൾട്ട് പ്രസദ്ധീകരിച്ച് 15 ദിവസത്തിനകം വികാരിയച്ചന്റെ കത്തും 100 രൂപ ഫീസോടുകൂടി അതിരൂപതാ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ കുട്ടിയുടെ പേരും ഇടവകയും രജിസ്റ്റർ നമ്പറും വ്യക്തമായി രേഖപ്പെടുത്തണം. 15 ദിവസത്തിന് ശേഷം വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**D. പുനഃപരീക്ഷ:**

1. നവംബർ 03-ന് പരീക്ഷയെഴുതാൻ സാധിക്കാത്ത കുട്ടികൾക്കും ജയിക്കാത്തവർക്കും (Std IV, V, VI, VII, VIII, IX, XI) ഇടവകയിൽ തന്നെ പുനഃപരീക്ഷ പതിവുപോലെ നടത്താവുന്നതാണ്. അവർക്ക് സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല.

2. X, XII ക്ലാസ്സുകളിൽ സർട്ടിഫിക്കറ്റ് പരീക്ഷ ആയതിനാൽ ഈ ക്ലാസ്സുകളിൽ ഒന്നും, രണ്ടും സെമസ്റ്റർ പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും, പരീക്ഷയ്ക്ക് മിനിമം മാർക്ക് (14/40) ലഭിക്കാത്ത കുട്ടികൾക്കുമുള്ള പുനഃപരീക്ഷ 2025 ഏപ്രിൽ 27ന് ആയിരിക്കും. അതിരൂപതാതലത്തിൽ ആണ് പുനഃപരീക്ഷ നടത്തുക. പുനഃപരീക്ഷ നടക്കുന്ന സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും.
   - പരീക്ഷാ സംബന്ധമായ ഈ നിർദ്ദേശങ്ങളുടെ PDF ഉം Scholarship data table ഉം കാറ്റികോർപ്പ് പാരീഷ് ലോഗിനിൽ Notifications & Upload-ൽ ലഭ്യമാണ്.

**II. കാറ്റിക്കിസം ടീച്ചേഴ്സ് ഡേ നവംബർ 04 തിങ്കളാഴ്ച:**
വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വിശുദ്ധ ചാൾസ് ബൊറോമിയൊയുടെ തിരുനാൾ ദിനം നവംബർ 04 തിങ്കളാഴ്ചയാണ്. നവംബർ 10 ഞായറാഴ്ച (10/11/24) ഇടവകകളിൽ കാറ്റിക്കിസം ടീച്ചേഴ്സ് ഡേ ആഘോഷിക്കുകയും വിശ്വാസ പരിശീലകരെ ആദരിക്കുകയും ചെയ്യുമല്ലോ.

**III.** പ്രധാനാദ്ധ്യാപകരുടെയും, ഫൊറോന സെക്രട്ടറിമാരുടെയും യോഗം 2024 നവംബർ 10 ഞായറാഴ്ച ഉണ്ടായിരിക്കുന്നതല്ല.

**IV.** ഇടവകകളിൽ വിശ്വാസ പരിശീലനത്തിനുവരുന്ന സെമിനാരിക്കാരുടെ സംഗമം നവംബർ 17 ഞായറാഴ്ച കലൂർ റിന്യുവൽ സെന്ററിൽ ഉച്ചകഴിഞ്ഞ് നടക്കുന്നതായിരിക്കും.

**V.** നവംബർ 24 ക്രിസ്തുവിന്റെ രാജത്വ തിരുനാൾ (പ്രഘോഷണ ദിനം)

**VI.** **പ്രതിഭാസംഗമം –** കാറ്റിക്കിസം ഡിപ്ലോമ രണ്ടാംവർഷ കുട്ടികൾക്കുവേണ്ടിയുള്ള പ്രതിഭാസംഗമം 2024 നവംബർ 30-ാം തീയതി ശനിയാഴ്ച രാവിലെ 09.30 മുതൽ വൈകിട്ട് 04 വരെ കലൂർ റിന്യുവൽ സെന്ററിൽ നടക്കുന്നതായിരിക്കും.

**VII.** 2024 നവംബർ മാസത്തിൽ നടക്കുന്ന എലൈവ് പരിപാടികൾ:

നവംബർ 10 ഞായർ: എലൈവ് - എറണാകുളം ഫൊറോന

നവംബർ 24 ഞായർ: എലൈവ് - മഞ്ഞപ്ര ഫൊറോന

**VIII.** രണ്ടാം വർഷ ഡിപ്ലോമ (ക്ലാസ്സ് XII) റസിഡൻഷ്യൽ കോഴ്സ്
Ist Session: 2024 ഒക്ടോബർ 12, 13 (ശനി, ഞായർ) തീയതികളിൽ അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽ നടന്നു. 93 കുട്ടികൾ ഈ കോഴ്സിൽ പങ്കെടുത്തു.

**IX.** 2024 ഒക്ടോബർ മാസത്തിൽ നടന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:

ഒക്ടോബർ 13 ഞായർ: എലൈവ് - ഇടപ്പള്ളി ഫൊറോന
ഒക്ടോബർ 13 ഞായർ: എൻലൈറ്റ് - എറണാകുളം ഫൊറോന
ഒക്ടോബർ 20 ഞായർ: എലൈവ് - അങ്കമാലി ഫൊറോന
ഒക്ടോബർ 27 ഞായർ: എലൈവ് - കറുകുറ്റി ഫൊറോന

എലൈവ് & എൻലൈറ്റ് നടത്തുവാൻ എല്ലാ സൗകര്യങ്ങളും ഒരുക്കിത്തന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പള്ളി കമ്മിറ്റി അംഗങ്ങൾക്കും, ഫൊറോന കൗസിലിനും പ്രത്യേകം നന്ദി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074644
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200, E-Mail : jeevalayafamilypark@gmail.com

## 2024 നവംബർ - ഡിസംബർ

### വിവാഹഒരുക്ക ധ്യാനം (MPR)

നവംബർ 04-06 (കലൂർ)
നവംബർ 12-14 (കാലടി)
നവംബർ 26-28 (കാലടി)

ഡിസംബർ 03-05 (കാലടി)
ഡിസംബർ 09-11 (കലൂർ)
ഡിസംബർ 17-19 (കാലടി)
ഡിസംബർ 20-22 (കലൂർ)
ഡിസംബർ 27-29 (ചേർത്തല)
ഡിസംബർ 31-02 (കാലടി)

NB: വിവാഹ ഒരുക്കധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷൈൻ ധ്യാനം (Contact: 8078334522)

നവംബർ 01-03 (20 ദമ്പതികൾക്ക് മാത്രം)

### ദമ്പതീധ്യാനം (Contact: 8078334522)

നവംബർ 07-10(20 ദമ്പതികൾക്ക് മാത്രം)

### വിധവ സംഗമം

നവംബർ 09 ചുള്ളി
നവംബർ 09 അങ്കമാലി
നവംബർ 09 കറുകുറ്റി

### വിധവാധ്യാനം (Contact: 9400929111)

നവംബർ 22-24

### പാരന്റിംഗ് സെമിനാർ (മതബോധനം)

നവംബർ 03 - തവളപ്പാറ

**സ്നേഹജ്വാല** (ദാമ്പത്യപരിപോഷണ പരിശീലനം)

| | | |
|---|---|---|
| നവംബർ | 08-10 | - ബെസ്‌ലെഹം |
| നവംബർ | 22-24 | - കൂവപ്പാടം |

**നന്ദി!**

വിവാഹത്തിന്റെ സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ആദരിക്കുന്ന 'വിവാഹോത്സവ്' ഫൊറോനതലത്തിൽ ആഘോഷിക്കുവാൻ സഹകരിച്ച ബഹുമാനപ്പെട്ട വികാരിയച്ചന്മാർ, ഫൊറോന ഡയറക്ടേഴ്സ്, ആനിമേറ്റർ സിസ്റ്റേഴ്സ്, എം.സി.സി. ദമ്പതികൾ എന്നിവർക്ക് ഹൃദ്യമായ നന്ദി.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# AICO
# (Archdiocesan Institutions' Central Office)

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| സെപ്റ്റം. 26 | 1. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി<br>2. നിവേദിത, ചുണങ്ങംവേലി |
| ഒക്ടോ. 03 | ലിറ്റിൽ ഫ്ളവർ സൗരഭ്യ വെൽനസ്സ് സെന്റർ, മുന്നൂർപ്പിള്ളി |
| ഒക്ടോ. 08 | നൈപുണ്യ കോളേജ്, പൊങ്ങം |
| ഒക്ടോ. 16 | നൈപുണ്യ കോളേജ്, പൊങ്ങം |
| ഒക്ടോ. 17 | നൈപുണ്യ കോളേജ്, പൊങ്ങം |
| ഒക്ടോ. 24 | 1. സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി<br>2. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| ഒക്ടോ. 28 | നൈപുണ്യ കോളേജ്, പൊങ്ങം |

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# Dept. of Bible Apostolate

## ലോഗോസ് ക്വിസ് 2024

2024-ലെ ലോഗോസ് ക്വിസ് പരീക്ഷയിൽ ഉന്നത വിജയം നേടിയ എല്ലാവർക്കും അഭിനന്ദനങ്ങൾ! ചോദ്യപേപ്പറുകൾ പായ്ക്ക് ചെയ്യാനും, ഉത്തരപേപ്പറുകൾ നോക്കി റിസൽറ്റ് തയ്യാറാക്കാനും സഹായിച്ച എല്ലാവർക്കും നന്ദി.

അവാർഡ് ദാനം 2024 ഡിസംബർ 21 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.00 വരെ കലൂർ റിന്യുവൽ സെന്ററിൽ നടത്തപ്പെടുന്നു. ഒന്നാം റാങ്ക് മുതൽ അഞ്ചാം റാങ്ക് വരെ കരസ്ഥമാക്കിയവർക്കും മറ്റ് അവാർഡുകൾ നേടിയവർക്കും അന്നേദിവസം അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും നൽകപ്പെടുന്നു.

**ലോഗോസ് ക്വിസ് 2024 ആദ്യ മൂന്ന് റാങ്കുകൾ കരസ്ഥമാക്കിയവർ:**

**<u>Category - A</u>**

| | | |
|---|---|---|
| 1st | Angel Litto Poovattil | - Thevekkal Parish |
| 2nd | Grace Tojo Nampudakath | - Thrikkakara Parish |
| 3rd | Helena Abilash Aloor | - Kizhakkambalam Parish |

**<u>Category - B</u>**

| | | |
|---|---|---|
| 1st | Alna Rose Valath | - Thuruthipuram Parish |
| 2nd | Ann Tojo Nampudakath | - Thrikkakara Parish |
| 3rd | Jewel Joby Periyappadan | - Nettinampilly Parish |

**<u>Category - C</u>**

| | | |
|---|---|---|
| 1st | Dany George Manavalan | - Alangad Parish |
| 2nd | Ligo Joy Pallippurathukaran | - Panangad Parish |
| 3rd | Roshiny Ebin Thottungal | - Kurumassery Parish |

**<u>Category - D</u>**

| | | |
|---|---|---|
| 1st | Sr. Noyal FCC | - Angamaly Basilica Parish |
| 2nd | Geo George Attupurath | - Vallakam Parish |
| 3rd | Lisy Biju Thelekkatt | - Kadukkutty Parish |

**Category - E**

1st Jancy Dominic Mookkanthottathil - Vazhakkala Parish
2nd Sophy Joseph Areekal - Edakkunnu Parish
3rd Mini Antony Kaitharath - Vathakad parish

**Category - F**

1st Lissy Jose Paramby - Mambra Parish
2nd Joseph Varghese - Perumanoor Parish
3rd Dorris Jacob Kurisummoottil - Thripunithura Parish

**ഫമീലിയ ക്വിസ് 2024**

1st Antu Puthusery & Family - Annanad Parish
2nd Michael Chemparathikala & Family - Thrikkakara Parish
3rd Shaji Manavalan & Family - Chunangamvely Parish

**ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ**

1st St. George Basilica, Angamaly
2nd St. George Parish, Puthenpally
3rd St. Antony's Parish, Edakkunnu

**ഏറ്റവും കൂടുതൽ കുടുംബങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ**

1st St. Antony's Parish, Edakkunnu
2nd St. Francis Assisi Parish, Kakkanad
3rd St. Mary's Parish, Vallakom

അതിരൂപതാതലത്തിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ കിട്ടിയവർക്കുള്ള **സെമിഫൈനൽ പരീക്ഷ 2024 നവംബർ 10–ന്** ഉച്ചയ്ക്ക് 1.30–ന് ആലുവ സെന്റ് ഫ്രാൻസിസ് സ്കൂളിൽ നടത്തപ്പെടുന്നു.

**എറണാകുളം–അങ്കമാലി അതിരൂപതയ്ക്ക് ഒന്നാം സ്ഥാനം**

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ലോഗോസ് ക്വിസ് 2024–ൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന രൂപതയ്ക്കുള്ള ഒന്നാം സ്ഥാനം ഈ വർഷവും എറണാകുളം–അങ്കമാലി അതിരൂപതയ്ക്കുതന്നെയാണ് ലഭിച്ചിരിക്കുന്നത്. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകകൾക്കുള്ള സംസ്ഥാനതല സമ്മാനത്തിന് നമ്മുടെ അതിരൂപതയിലെ അങ്കമാലി സെന്റ് ജോർജ് ബസിലിക്ക മൂന്നാം സ്ഥാനത്തിന് അർഹരായി.

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### വജ്ര ജൂബിലി നിറവിൽ സഹൃദയ
അതിരൂപതാ സാമൂഹ്യപ്രവർത്തനവിഭാഗമായ സഹൃദയ സ്ഥാപിതമായതിന്റെ വജ്ര ജൂബിലി വർഷാചരണത്തിന് കൃതജ്ഞതാബലിയോടെ തുടക്കമായി. അതിരൂപത ബിഷപ്പ് എമരിറ്റസ് മാർ തോമസ് ചക്യത്ത് ജൂബിലിതിരി തെളിച്ചു. അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ കാർഡിനൽ പാറേക്കാട്ടിൽ ഹാളിൽ ചേർന്ന ജൂബിലി സമ്മേളനം ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്തു.

### സഹൃദയക്ക് ആദരം
ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ബ്ലഡ് ബാങ്കിന്റെ സഹകരണത്തോടെ രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നതിനെ അടിസ്ഥാനമാക്കി കലൂർ ഐഎംഎയിൽ നടത്തിയ 2024 നാഷണൽ ബ്ലഡ് ഡോണേഷൻ വീക്ക് സെലിബ്രേഷൻ മീറ്റിംഗിൽ സഹൃദയയ്ക്ക് രക്തദാന പ്രവർത്തനങ്ങളെ ആദരിച്ചുകൊണ്ടുള്ള മെമെന്റോയും സർട്ടിഫിക്കറ്റും ലഭിച്ചു.

### കാലാവസ്ഥാ വ്യതിയാന ബോധവത്കരണ സെമിനാർ
സഹൃദയ സംഘം ഗ്രാമതല ആനിമേറ്റർമാർക്കായി കാലാവസ്ഥാ വ്യതിയാന ബോധവത്കരണ സെമിനാർ പൊന്നുരുന്നിയിൽ സംഘടിപ്പിച്ചു.

### വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ ക്രെഡിറ്റ് ക്യാമ്പുകൾ
സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ ക്രെഡിറ്റ് ക്യാമ്പ് നടത്തി.

വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി ജോസ്പുരം, നായത്തോട് നെടുവന്നൂർ വില്ലേജുകളിലെ 17 അംഗങ്ങൾക്കായി 11,20,000/രൂപയും ഐമുറി, കോടനാട് വില്ലേജുകളിലെ 18 അംഗങ്ങൾക്കായി 7,80,000/രൂപയും കാലടി, പാറത്തെറ്റ വില്ലേജുകളിലെ 31

അംഗങ്ങൾക്കായി 19,10,000/ രൂപയും പുത്തൻപള്ളി വില്ലേജിലെ 25 അംഗങ്ങൾക്കായി 15,90,000/ രൂപയും പഴങ്ങനാട്, സൗത്ത് വാഴക്കുളം വില്ലേജുകളിലെ 25 അംഗങ്ങൾക്കായി 16,30,000/രൂപയും വളമംഗലം വില്ലേജിലെ 7 അംഗങ്ങൾക്കായി 4,90,000/ രൂപയും വായ്പ അനുവദിച്ചു.

**സ്വയം തൊഴിൽ വായ്പ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ വിവിധ വില്ലേജുകളിൽ പ്രവർത്തിച്ചുവരുന്ന 45 സംഘങ്ങളിലെ 319 അംഗങ്ങൾക്ക് സ്വയം തൊഴിൽ വിപുലീകരണത്തിനായി 2024 ഒക്ടോബർ മാസത്തിൽ 1,87,80,000/ രൂപ വായ്പയായി വിതരണം ചെയ്തു.

**വിമൻ എംപവർമെന്റ് ക്ലാസ്സ്**

സഹൃദയ ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫ്രൻസുമായി സഹകരിച്ച് നടപ്പാക്കുന്ന വിമൻ എംപവർമെന്റ് പദ്ധതിയുടെ ഭാഗമായി 'സ്ത്രീ ശാക്തീകരണവും, ബിസിനസ് ഡെവലപ്പ്മെന്റും' എന്ന വിഷയത്തെ ക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് പീച്ചാനിക്കാട്, കൂടാലപ്പാട്, സെബിയൂർ, കാക്കനാട്, നെടുവന്നൂർ, കൊല്ലക്കോട്, ചെറായി, ഐമുറി, തോട്ടുവ, നെട്ടൂർ, ജിയോപുരം, കോടനാട്, താന്നിപ്പുഴ, കണ്ടനാട്, ഉദയം പേരൂർ സംഘടിപ്പിച്ചു.

**ദ്വിദിന ശില്പശാല**

സഹൃദയ ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫ്രൻസുമായി സഹകരിച്ച് നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ പരിപാടിയുടെ ഭാഗമായി രണ്ടു ദിവസത്തെ ശില്പശാല മറ്റൂർ ടൗൺ സെന്റ് മേരീസ് പള്ളി ഹാളിൽ സംഘടിപ്പിച്ചു. 95 പേർ ക്ലാസിൽ പങ്കെടുത്തു.

**സ്വയം സഹായ സംഘങ്ങളുടെ വാർഷികം**

പീച്ചാനിക്കാട്, കൂടാലപ്പാട് , കാക്കനാട്, നെടുവന്നൂർ, കൊല്ലക്കോട്, ചെറായി, ഐമുറി, നെട്ടൂർ, ജിയോപുരം, കോടനാട്, താന്നിപ്പുഴ, ഇടവക യുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം സംഘടിപ്പിച്ചു. ക്യാൻസറിനെകുറിച്ചുള്ള ബോധ വൽക്കരണ ക്ലാസ്സും, ഫെഡറൽ ബാങ്ക് അഡ്വൈസർ പൗലോസ് സാമ്പ ത്തിക സാക്ഷരതയെ കുറിച്ചും ക്ലാസുകൾ നടത്തി.

**ഹരിതകർമസേന പരിശീലനം**

എറണാകുളം ജില്ലാ കുടുംബശ്രീ മിഷന്റെ നിയോഗ പ്രകാരം വടവുകോട് പുത്തൻ കുരിശ്, മൂവാറ്റുപുഴ മാറാടി ഗ്രാമപഞ്ചായത്തിലെ ഹരിതകർമസേനാംഗങ്ങൾക്കായി ത്രിദിന ശേഷി വികസന പരിശീലനം സംഘടിപ്പിച്ചു. ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമസേനാംഗങ്ങൾക്ക് ത്രിദിന ശേഷി വികസന പരിശീലനം സംഘടിപ്പിച്ചു.

**ഐജിപി ട്രെയിനിങ് പ്രോഗ്രാം**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ മൂക്കന്നൂർ ഫൊറോന പള്ളി ഹാളിൽ പേപ്പർ ക്യാരി ബാഗും, ആഭരണങ്ങൾ നിർമ്മിക്കുന്നതിനുംമായ ക്ലാസ്സ് സംഘടിപ്പിച്ചു. 15 പേർ ക്ലാസ്സിൽ പങ്കെടുത്തു.

**പഠന സന്ദർശനം**

എറണാകുളം സെ. ആൽബർട്സ് കോളേജിലെ സുവോളജി ബിരുദ വിദ്യാർത്ഥികൾ പ്രോജക്ടിന്റെ ഭാഗമായി സഹൃദയയിൽ പഠനസന്ദർ ശനം നടത്തി.

**ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ. എൽ. ജി. സെബിയൂർ, കോടനാട്, പെരുമ്പാവൂർ, തോട്ടുവ, പീച്ചാനിക്കാട്, ജിയോപുരം, ചേരാനല്ലൂർ, നെടുങ്ങാട്, ചെമ്മന ത്തുകര, ചെമ്പ് നടുവട്ടം, എടവനക്കാട്, തൃപ്പൂണിത്തുറ, നെടുവന്നൂർ, കുന്നപ്പള്ളിശ്ശേരി, ഞാറല്ലൂർ, അങ്കമാലി, ആലുവ, ഇല്ലിത്തോട് കൊരട്ടി, മൂക്കന്നൂർ, കൊങ്ങോർപ്പിള്ളി, നീലേശ്വരം, തുതിയൂർ, അശോകപുരം, മൂഴിക്കുളം,പഴങ്ങനാട്, വെസ്റ്റ് ചേരാനല്ലൂർ, അകപ്പറമ്പ്, ചെറായി, കാടുകുറ്റി, വിലങ്ങ്, പൊതിയക്കര, കരുമാലൂർ, സൗത്ത് ചമ്പന്നൂർ, കണ്ടനാട് എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

**ജെ.എൽ.ജികൾക്ക് വായ്പ**

സഹൃദയ പുതിയതായി രൂപീകരിച്ചു വരുന്ന ജെ എൽ ജി (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ) 47 സംഘങ്ങളിലെ 226 അംഗങ്ങൾക്ക് 2024 ഒക്ടോബർ മാസത്തിൽ 1,13,25000/ രൂപ ലോൺ നൽകി.

**ബോധവത്കരണ ക്ലാസ്**

സ്ത്രീകളിൽ ആർത്തവ ശുചിത്വ പരിപാലനത്തിനായി നിലവിൽ ഉപയോഗപ്പെടുത്തുന്ന സാനിറ്ററി പാഡുകളിലെ പ്ലാസ്റ്റിക്കിന്റെയും രാസ വസ്തുക്കളുടെയും സാന്നിധ്യം അലർജി തുടങ്ങി അർബുദം വരെയുള്ള അപകടങ്ങൾക്കു കാരണമാകുന്നുണ്ടെന്നും അതിന് തടയിടാൻ ശരിയായ അറിവുകളും ബദൽ സംവിധാനങ്ങളും പ്രചരിപ്പിക്കേണ്ടത് സന്നദ്ധ പ്രവർത്തകരുടെ കടമയാണെന്നുമുള്ള സന്ദേശവുമായി സഹൃദയയിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. .

**സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും**

സഹൃദയ ഇടപ്പള്ളി എം എ ജെ ആശുപത്രിയുടെ സഹകരണത്തോടെ കണ്ടനാട് സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും സംഘടിപ്പിച്ചു. 85 പേർക്ക് ക്യാമ്പിൽ സേവനം നൽകി. .

**ഫാസ്റ്റ്ഫുഡ് ഉദ്യമി പരിശീലനം**

സഹൃദയയുടെയും ഗ്രാമീണ തൊഴിൽ പരിശീലന കേന്ദ്രമായ RSETI എറണാകുളത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ അങ്കമാലി സുബോധനയിൽ പത്ത് ദിവസം നീണ്ടു നിന്ന ഫാസ്റ്റ്ഫുഡ് ഉദ്യമി പരിശീലനം സംഘടിപ്പിച്ചു. 35 പേർ പങ്കെടുത്തു.

**ചമ്പന്നൂരിൽ നഴ്സറി**

ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിലും ഉപജീവനമാർഗവും ഉറപ്പാക്കുന്നതിനായി ചമ്പന്നൂരിൽ അലങ്കാര ചെടികൾക്കും ഇൻ ഡോർ പ്ലാന്റുകൾക്കുമായി നഴ്സറി ആരംഭിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

- Unlock your future with a Bachelor's degree from France's top universities!
- Apply to Germany's best universitiesfor theSummer 2025 intake! Explore top programs, affordable tuition, and global opportunities.
- Kickstart your career with 1-year Master's programsinIrelandforJanuary 2025! Apply now and make Ireland your next step to success!
- Take the next step in your healthcare career with a Master's in Nursing (Graduate Entry)inAustralia! Start your journey to a rewarding nursing career today!

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ്ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ഉടൻ ആരംഭിക്കുന്നു. ഓഫ്ലൈൻ ആയും ഓൺലൈൻ ആയും പഠിക്കാവുന്നതാണ്.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9544919144 , 9072919144**

- **2024 നവംബർ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ചുകൾ (A1, A2) നവംബർ 1-ന് ആരംഭിക്കുന്നു.
2. ജർമൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ച് (A1, A2 & B1) നവംബർ 11-ന് ആരംഭിക്കുന്നു.
3. ജർമൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ച് (B2) നവംബർ 18-ന് ആരംഭിക്കുന്നു.

4. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2024 2025).
5. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **2024 November Programs**

1. UGC NET /JRF PAPER I& PAPER II -Offline (Batch for 2025 JUNE exam)
2. BANK(IBPS, PO, CLERK, SO) -offline (new admission all Mondays)
3. SSC (CGL, CHSL, MTS) - -offline (new admission all Mondays)
4. CUET (Common University Entrance Test)Online & Offline regular batch
5. RAILWAY RECRUITMENT BOARD
    - Graduate level (new admission all Mondays)
    - Undergraduate level (new admission all Mondays)
6. C MAT, K-MATOffline (Admission for next Exams)
7. PSC Offline Degree level,10th level (new admission all Mondays)
8. IELTS Regular Offline & Online (All Mondays new batch)
9. PTE (Pearson Test of English)- Regular Offline &Online (All Mondays new batch)

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**


IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചുവരുന്ന Naipunnya International Angamaly Branch ൽ നിന്നും നിരവധി കുട്ടികൾ വിദേശവിദ്യാഭ്യാസം സാധ്യമാക്കിവരുന്നു.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**


SAINT CHARLES
BORROMEO
WE MUST KEEP OURSELVES IN THE PRESENCE OF GOD AS MUCH AS POSSIBLE.

RNI No. 3421/57
Date of Publication: 01-11-2024
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15
ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Eternal rest grant
unto them, O Lord,
and let perpetual light
shine upon them.

May their souls and the souls
of all the faithful departed,
through the mercy of
God, rest in peace.
Amen.

Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.
www.ernakulamarchdiocese.org